LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ&ബി) വി.ഇ.03/14/എസ്.ഐ.യു-II നമ്പറായി നടത്തിയ വിജിലൻസ് അന്വേഷണ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ സി-ആപ്റ്റ് മാനേജിംഗ് ഡയറക്ടറായിരുന്ന പ്രൊ. സജിത് വിജയരാഘവനെ 1-1-2016 തീയതിയിലെ ജി.ഒ. (ആർറ്റി.) 02/2016/വി.ജി. നമ്പർ ഉത്തരവ് പ്രകാരം സസ്പെന്റ് ചെയ്യുകയുണ്ടായി. (അനുബന്ധം I*)

(സി) ലോട്ടറി ടിക്കറ്റുകൾക്ക് നമ്പറും ബാർകോഡും രേഖപ്പെടുത്താനുള്ള വേരിയബിൾ ഡാറ്റാ പ്രിന്റർ വാടകയ്ക്കെടുത്തതിലും ബാർ കോഡിംഗ്, ചെന്നൈയിലെ അൻസലാ കമ്പനിക്ക് ഉയർന്ന നിരക്കിൽ കരാർ നൽകിയ ഇനത്തിൽ സി-ആപ്റ്റിന് 1,36,05,442 (ഒരു കോടി മുപ്പത്തിയാറ് ലക്ഷത്തി അയ്യായിരത്തി നാനൂറ്റി നാൽപ്പത്തിരണ്ട് രൂപ മാത്രം) നഷ്ടം വരുത്തിയതിലും ടി നഷ്ടം നികത്തുന്നതിലേക്കായി ലോട്ടറി വകുപ്പിന് നൽകിയ ഇൻവോയിസിലെ ബിൽ തുക ഒരു ടിക്കറ്റിന് 32 പൈസ എന്ന നിരക്കിനു പകരമായി 37 പൈസയായി അധിക തുക ഈടാക്കുകയും തൽഫലമായി നികുതി ഇനത്തിൽ ഒടുക്കിയ 4.53 ലക്ഷം രൂപ തിരിച്ചുപിടിക്കാൻ സാധിച്ചില്ല എന്നതുമാണ് വിജിലൻസിന്റെ കണ്ടെത്തൽ. പാഠപുസ്തക അച്ചടിയുമായി ബന്ധപ്പെട്ട് സുതാര്യമല്ലാതെയും ചട്ടവിരുദ്ധമായും ഒരു പ്രത്യേക സ്ഥാപനത്തിന് സഹായകരമായ രീതിയിലും ടെണ്ടർ നടപടികൾ സ്വീകരിച്ചതിൽ എം.ഡി.യുടെ ഭാഗത്തുനിന്നും ഗുരുതരമായ വീഴ്ചകൾ സംഭവിച്ചു എന്നതാണ് ധനകാര്യ പരിശോധനാ വിഭാഗത്തിന്റെ കണ്ടെത്തൽ.

(ഡി) എ.പി.ജെ. അബ്ദുൾ കലാം ടെക്നോളജിക്കൽ യൂണിവേഴ്സിറ്റി രജിസ്ട്രാർ ഡോ. ജി. പി. പത്മകുമാറിനാണ് സി-ആപ്റ്റ് എം.ഡി.യുടെ മുഴുവൻ അധിക ചുമതല നൽകിയിരിക്കുന്നത്. (അനുബന്ധം -II*)

യു.പി. സ്കൂൾ അസിസ്റ്റന്റ് നിയമനം

27(1074) ശ്രീ. ഇ. കെ. വിജയൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം ജില്ലയിൽ യു.പി. സ്കൂൾ അസിസ്റ്റന്റ് (മലയാളം മീഡിയം) തസ്തിക നിർണയത്തിനുള്ള അദ്ധ്യാപക-വിദ്യാർത്ഥി അനുപാതം സംബന്ധിച്ച പുതുക്കിയ മാർഗ്ഗ നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ടോ; തീയതി

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

സഹിതം വിശദാംശം നൽകുമോ; അതനുസരിച്ച് അദ്ധ്യാപകരെ പുനർവിന്യാസം നടത്തിയിട്ടുണ്ടോ; പ്രസ്തുത തസ്തികയിലേക്ക് ടി കാലയളവിലേക്കുള്ള തസ്തിക നിർണ്ണയം പൂർത്തിയാക്കാൻ എത്ര സമയം വേണ്ടി വരും എന്ന് അറിയിക്കാമോ;

(ബി) യു.പി. സ്കൂൾ അസിസ്റ്റന്റ് (മലയാളം മീഡിയം) തസ്തികയിലേക്ക് തിരുവനന്തപുരം വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടറുടെ കാര്യാലയത്തിൽ നിന്നും 2-1-2015-ന് ശേഷം നേരിട്ടോ, ട്രൈബ്യൂണൽ മുഖേനയോ പ്രൊമോഷൻ മുഖേനയോ നിയമനം നടത്തിയിട്ടുണ്ടോ;

(സി) പ്രസ്തുത ഓഫീസിൽ 2-1-2015-ന് റിപ്പോർട്ട് ലഭ്യമാക്കിയ എൻ. ജെ. ഡി. (മുസ്ലീം) ഒഴിവ് നികത്തുന്ന കാര്യത്തിൽ നിലനിൽക്കുന്ന സാങ്കേതിക തടസ്സം എന്താണെന്ന് വ്യക്തമാക്കുമോ ;

(ഡി) 2014-15-ലെ തസ്തിക നിർണ്ണയം നടത്തുന്നതിന് മുമ്പ് നിലവിലിരുന്ന മുസ്ലിം സംവരണ ഒഴിവ് നികത്തുന്നത് തടഞ്ഞുകൊണ്ട് ഏതെങ്കിലും നിയമങ്ങളോ, ചട്ടങ്ങളോ, കോടതി ഉത്തരവുകളോ, സർക്കുലറുകളോ, ഓഫീസ് ഓർഡറോ എന്തെങ്കിലും നിലനിൽക്കുന്നുണ്ടോ; ഉണ്ടെങ്കിൽ പകർപ്പ് ലഭ്യമാക്കാമോ;

(ഇ) ഇല്ലെങ്കിൽ 2-1-2015-ന് തിരുവനന്തപുരം ഡി.ഡി.ഇ. ഓഫീസിൽ ലഭ്യമായ DTB(2)927/09 തീയതി 26-12-2014-ലെ നിയമന ശിപാർശ പ്രകാരം ടി ഉദ്യോഗാർത്ഥിയുടെ നിയമനം തടഞ്ഞുവച്ചിരിക്കുന്നത് എന്തടിസ്ഥാനത്തിലാണ് വിശദാംശം നൽകുമോ;

(എഫ്) എങ്കിൽ ടി ഉദ്യോഗാർത്ഥിക്ക് എന്നത്തേക്ക് നിയമനം നൽകാൻ കഴിയും എന്നറിയാക്കാമോ?

ഉത്തരം

(എ) 29-1-2016-ലെ സ.ഉ. (പി) നമ്പർ 29/16/പൊ.വി. സർക്കാർ ഉത്തരവിൽ തസ്തിക നിർണ്ണയത്തിനുള്ള അദ്ധ്യാപക-വിദ്യാർത്ഥി അനുപാതം സംബന്ധിച്ച പുതുക്കിയ മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ ജില്ല/ഉപജില്ല വിദ്യാഭ്യാസ ഓഫീസുകൾ വഴി ജില്ലയിലെ തസ്തിക നിർണ്ണയ നടപടികൾ നടന്നുവരുന്നു.

(ബി) ഇല്ല.

(സി) 2014-15-ലെ തസ്തിക നിർണ്ണയ പ്രകാരം നിലവിൽ 136 അദ്ധ്യാപകർ തസ്തിക നഷ്ടപ്പെട്ട് അധികമായി നിലനിൽക്കുന്നുണ്ട്. ഇക്കാരണത്താലാണ് നിയമന ശിപാർശ ലഭിച്ച ഉദ്യോഗാർത്ഥികൾക്ക് നിയമനം വൈകുന്നത്.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) നിയമനം തടഞ്ഞുകൊണ്ട് ഉത്തരവുകൾ ഒന്നും തന്നെ നിലവിലില്ല.

(ഇ) 2014-15-ന് മുമ്പ് നിലവിലുണ്ടായിരുന്ന ഒഴിവ് 2014-15-ലെ തസ്തിക നിർണ്ണയ പ്രകാരം നഷ്ടപ്പെട്ട സാഹചര്യത്തിലാണ് നിയമനം നൽകാൻ സാധിക്കാത്തത്.

(എഫ്) 29-1-2016-ലെ സ.ഉ. (പി) നമ്പർ 29/2016/പൊ.വി.വ സർക്കാർ ഉത്തരവ് പ്രകാരം തസ്തിക നിർണ്ണയം നടത്തി അധികം വരുന്ന അദ്ധ്യാപകരെ പുനർവിന്യസിച്ചതിനുശേഷം ഒഴിവുകൾ ഉണ്ടാകുന്ന മുറയ്ക്ക് ടി ഉദ്യോഗാർത്ഥികൾക്ക് നിയമനം നൽകാൻ കഴിയും.

ബി.ആർ.സി. ടെയിനർമാരുടെ സ്ഥലംമാറ്റം

28(1075) ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എത്ര പ്രൊട്ടക്ടഡ് അദ്ധ്യാപകരാണ് ബി.ആർ.സി- കളിൽ ടെയിനർമാരായി ഇപ്പോൾ നിലവിൽ ഉള്ളത്; ഇവരുടെ സ്ഥലംമാറ്റം സംബന്ധിച്ച് എന്തെങ്കിലും ഉത്തരവ് നിലവിലുണ്ടോ; ഉണ്ടെങ്കിൽ അതിന്റെ പകർപ്പ് ലഭ്യമാക്കാമോ; ഈ ഉത്തരവ് പ്രകാരം ട്രാൻസ്ഫർ ചെയ്തവരുടെ എണ്ണം ജില്ല തിരിച്ച് വ്യക്തമാക്കാമോ;

(ബി) പത്തനംതിട്ട ജില്ലയിൽ 21-1-2015-ൽ ടെയിനർമാരെ ജില്ലാ പ്രോജക്ട് ഓഫീസർ ഏത് ഉത്തരവ് പ്രകാരമാണ് സ്ഥലം മാറ്റിയത്; അടിയന്തരമായി ഇവരെ സ്ഥലം മാറ്റാനുണ്ടായ കാരണം വ്യക്തമാക്കാമോ; ഇവരിൽ നിന്നും ട്രാൻസ്ഫർ അപേക്ഷ ക്ഷണിച്ചിരുന്നോയെന്ന് വ്യക്തമാക്കാമോ;

(സി) 2003-ലെ ഗവൺമെന്റ് ഉത്തരവ് പ്രകാരം വിന്യസിക്കപ്പെട്ട എയ്ഡഡ് സ്കൂളിലെ അദ്ധ്യാപകരെ ട്രാൻസ്ഫർ ചെയ്തപ്പോൾ ഇവർ ശമ്പളം വാങ്ങുന്ന ബന്ധപ്പെട്ട സ്കൂളുകൾക്ക് സ്ഥലംമാറ്റ ഉത്തരവ് നൽകിയിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ;

(ഡി) അദ്ധ്യയന വർഷത്തിന്റെ അവസാനം ജില്ലാ പ്രോജക്ട് ഓഫീസർ ഇറക്കിയ സ്ഥലമാറ്റ ഇത്തരവിന് ഏതെങ്കിലും സർക്കാർ ഉത്തരവിന്റെ പിൻബലമുണ്ടോ; ഉണ്ടെങ്കിൽ ഏതൊക്കെ എന്ന് വിശദമാക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly